മാതൃഭൂമി ആഴ്ചപ്പതിപ്പ്

പുസ്തകം 46 | 1968 ഡിസംബർ 8 | ലക്കം 38

# "കല്ലുദൈവങ്ങളെപ്പററി"

എൻ. വി. കൃഷ്ണവാരിയർ

മദ്രാസ് മ്യൂസിയത്തെ തമിഴർ "ഇറന്ത കോളേജ്" എന്നു വിളിച്ചിരുന്നു. ജീവനുള്ള കോളേജ് സെൻട്രൽ സ്റ്റേഷനടുത്തുള്ള മൃഗശാല; ചത്ത കോളേജ് എഗ്മൂറിലെ മ്യൂസിയം. ചത്ത മൃഗങ്ങളുടെ ശരീരങ്ങൾ സ്റ്റഫ് ചെയ്തു സൂക്ഷിച്ചിരുന്നതിനാൽ മ്യൂസിയം ചത്ത കോളേജായി. ഈ ചത്ത കോളേജ് വളരെയധികം ജീവനുള്ള ഒരു വിദ്യാകേന്ദ്രമായിട്ടാണ് എനിക്കു തോന്നിയിട്ടുള്ളത്. മൂന്നു കൊല്ലത്തോളം ഞാൻ അതിന്നടുത്തു താമസിച്ചിട്ടുണ്ട്. അപ്പോഴൊക്കെയും, അതിൽപ്പിന്നീടും, ഈ മ്യൂസിയത്തിലൂടെ അലഞ്ഞു നടക്കുന്നത് എനിക്കിഷ്ടപ്പെട്ട ഒരു വിനോദമായിരുന്നു. മദ്രാസ്സിൽ അല്പം സമയം കിട്ടിയാൽ ആ മ്യൂസിയത്തിൽ ചെലവഴിക്കാനാണ് ഇന്നും എനിക്കു പ്രിയം.

മദ്രാസ് മ്യൂസിയത്തിലെ പ്രതിമാവിഭാഗമാണ് എന്നെ കൂടുതൽ ആകർഷിച്ചിട്ടുള്ളത്. കൃഷ്ണശിലയിലും കടപ്പക്കല്ലിലും മണൽക്കല്ലിലും മാർബിളിലും മററനേകം കൽത്തരങ്ങളിലും ഓടിലും നിർമ്മിക്കപ്പെട്ടിട്ടുള്ള ഇവിടത്തെ ദേവീദേവന്മാരും തീർത്ഥങ്കരന്മാരും ബോധിസത്വന്മാരും നാഗങ്ങളും മനുഷ്യരും എന്നോട് സംസാരിക്കാറുണ്ട്. അവരിൽ പലരും എൻെറ സ്വന്തസുഹൃത്തുക്കളാണ്. മറീനയിലോ മൌണ്ട് റോഡിലോ പണ്ടു കണ്ടിരുന്ന മുഖങ്ങൾ ഇന്നില്ല. മ്യൂസിയത്തിലെ മുഖങ്ങൾക്കു മാററമില്ല.

വളരെക്കാലം ഈ മ്യൂസിയത്തിലെ മുഖ്യാധികാരിയായിരുന്ന ഡോക്ടർ അയ്യപ്പൻ ഒരിക്കലെനിക്ക് ഈ പ്രതിമാവിഭാഗം വിസ്തരിച്ചു കാണിച്ചുതരികയുണ്ടായി. അതിലെ ഓരോ പ്രതിമയ്ക്കും ഓരോ ചരിത്രമുണ്ടെന്ന് അന്നാണെനിക്കു മനസ്സിലായത്. ഓരോന്നും ഓരോ സ്ഥലത്ത് ഓരോ ആവശ്യം നിറവേററാൻ നിർമ്മിക്കപ്പെട്ടതാണ്. വ്യത്യസ്ത പരിതസ്ഥിതികളിൽ ഓരോന്നും മ്യൂസിയത്തിലെത്തിച്ചേരുകയാണുണ്ടായത്.

താഴത്തെ ഹാളിൽ കോണിയുടെ ഇടതുഭാഗത്തായി ഏറെക്കറുത്ത കരിങ്കല്ലിൽ നിർമ്മിച്ച ഒരു ശ്രീകൃഷ്ണപ്രതിമയുണ്ട്. വിജയനഗരചക്രവർത്തിമാരുടെ പൂജാവിഗ്രഹമായിരുന്നു ഇത്. കൃഷ്ണദേവരായൻെറയും അദ്ദേഹത്തിൻെറ പൂർവ്വികരായ മഹാപ്രഭാവന്മാരുടേയും അവരുടെ പത്നിമാരുടേയും ലക്ഷക്കണക്കിന് ബഹുജനങ്ങളുടേയും ആരാധനകളനുഭവിച്ചുകൊണ്ട് വിജയനഗരത്തിലെ പ്രധാനക്ഷേത്രത്തിൽ ഈ വിഗ്രഹം എത്രയോ വർഷം നിലകൊണ്ടു. സംഘടിതമായ മുസ്ലീംആക്രമണത്തിന്നു മുമ്പിൽ വിജയനഗരം തകർന്നടിഞ്ഞപ്പോൾ ഈ ബിംബം ഒരു കുപ്പക്കുഴിയിൽ വലിച്ചെറിയപ്പെട്ടു. വളരെ കൊല്ലങ്ങൾക്കു ശേഷം ഒരു സായ്പ് കുപ്പക്കുഴിയിൽ നിന്ന് അതിനെ പുനരുദ്ധരിച്ചു. അങ്ങിനെ അത് മദ്രാസ് മ്യൂസിയത്തിൽ പ്രതിഷ്ഠിതമായി. ശ്യാമളകോമളനായ ആ ബാലഗോപാലനെ സ്നേഹവാത്സല്യങ്ങളോടെ തടവിക്കൊണ്ട് ഡോക്ടർ അയ്യപ്പൻ ഈ കഥ വിവരിച്ചത് എനിക്കൊരിക്കലും മറക്കാനാവില്ല.

മദ്രാസ്സിൽക്കിട്ടിയ ഈ ശിക്ഷണം കൊണ്ടാവാം, ഏതു മ്യൂസിയത്തിൽച്ചെന്നാലും

## ഒരു കവിത ജനിക്കുന്നു



പ്രതിമാവിഭാഗത്തിലാണ് ഞാൻ അധികസമയം കഴിച്ചുകൂട്ടാറ്. ബ്രിട്ടീഷ് മ്യൂസിയത്തിലെ ഗ്രീക്ക് മാർബിൾപ്പാനലുകളിൽ സുന്ദരികളെ ബലാത്സംഗം ചെയ്യുന്ന മൃഗമനുഷ്യരെ നോക്കി ഞാൻ എത്രയോ സമയം നിന്നിട്ടുണ്ട്. കൂററൻ ചെമ്പാറപ്പലകകളിൽ റിലീഫ് രൂപത്തിൽ കൊത്തിയ അസ്സീറിയക്കാരുടെ ചിറകുള്ള കാളകളെ ഭയത്തോടെയാണ് ഞാൻ ഇന്നും ഓർക്കുന്നത്. എന്നാൽ, സുപ്രസിദ്ധനായ ഭോജരാജാവ് ധാരാനഗരത്തിൽ പ്രതിഷ്ഠിച്ചാരാധിച്ചിരുന്ന സരസ്വതിയുടെ വിഗ്രഹമാണ് ബ്രിട്ടീഷ് മ്യൂസിയത്തിൽ എന്നെ ഏററവുമധികം വശീകരിച്ച കലാസൃഷ്ടി. ജ്ഞാനപീഠസമ്മാനത്തിൻെറ പ്രതീകമായി പിന്നീട് ഈ സരസ്വതീവിഗ്രഹം തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഈ പ്രതിമയുടെ മുമ്പിൽ നിന്നപ്പോൾ ഭോജപ്രബന്ധത്തിൽ പണ്ടെങ്ങോ വായിച്ച ഒരു സാധാരണപദ്യം അനന്തമായ ദുഃഖസാഗരം അലതല്ലുന്ന ഒരു അനുഭൂതിചിത്രമായി എൻെറ ഹൃദയത്തിൽ തെളിഞ്ഞു വന്നു:

അദ്യധാരാ നിരാധാരാ,
നിരാലംബാ സരസ്വതീ
പണ്ഡിതാഃ ഖണ്ഡിതാഃ സർവ്വേ
ഭോജരാജേ ദിവംഗതേ.

മദ്രാസ് മ്യൂസിയത്തിലെ ശ്രീകൃഷ്ണനേയും ബ്രിട്ടീഷ് മ്യൂസിയത്തിലെ സരസ്വതിയേയും പോലെ, ഉപേക്ഷിതരായ പല ദേവന്മാരെയും ദേവികളെയും ലോകത്തിൻെറ പല ഭാഗങ്ങളിലുമുള്ള മ്യൂസിയങ്ങളിൽച്ചെന്നു ഞാൻ സന്ദർശിക്കുകയുണ്ടായി. ഒരു കാലത്ത് അവരോരുത്തർക്കും ജീവനുണ്ടായിരുന്നു എന്ന് ഞാൻ കരുതി. അവർക്കു സാമ്രാജ്യങ്ങളുണ്ടായിരുന്നു; പ്രതാപമുണ്ടായിരുന്നു. അവർക്കു വേണ്ടി മരിക്കാൻ ജനകോടികൾക്കു മടിയില്ലായിരുന്നു. വിശാലങ്ങളായ സമുദായങ്ങളെ, രാഷ്ട്രങ്ങളെ, ഏകോപിച്ചു നിർത്തിയിരുന്ന ആണിക്കല്ലുകളായിരുന്നു അവർ. അവരുടെ പേരിൽ മഹാസൈന്യങ്ങൾ പൊരുതി. അവരുടെ മുമ്പിൽ മുരും കർത്തിരിക്കവും നെയ്യും കർപ്പൂരവും കത്തിയെരിഞ്ഞു; പാലും വീഞ്ഞും ചോരയും പതഞ്ഞ് ഒഴുകി. പക്ഷേ, ഇന്നിപ്പോൾ അവർക്കൊന്നും ജീവനില്ല.

ചിന്ത കോളേജുകളിലേയ്ക്ക് അവർ മാററപ്പെട്ടിരിക്കുന്നു. അവർ, ഇപ്പോൾ ചരിത്രവസ്തുതകൾ മാത്രം. ആ നിലയ്ക്കുള്ള പ്രാധാന്യം പോലും അവർക്കുള്ളതായി എത്ര പേർ വിചാരിയ്ക്കുന്നുണ്ട്? വിധിവിപര്യയം മനുഷ്യർക്കു മാത്രമല്ല; ദേവന്മാർക്കുമുണ്ട്.

മനുഷ്യമനസ്സുകളെ ആവേശതരളിതങ്ങളാക്കുന്ന ആശയങ്ങളുടേയും ആദർശങ്ങളുടേയും പുരുഷാർത്ഥങ്ങളുടേയും മൂല്യങ്ങളുടേയും സ്ഥിതിയും ഏറെക്കുറെ ഈ ദേവീദേവന്മാരുടേതു തന്നെയല്ലേ? ജനാധിപത്യത്തെ ഭദ്രമാക്കുവാൻ വേണ്ടി നടത്തിയ മഹായുദ്ധം നാം കണ്ടിട്ടുണ്ട്. സോഷ്യലിസത്തിന്റെ പേരിൽ എത്ര ചോര വാർന്നിട്ടില്ല! രാജത്വമെന്ന സ്ഥാപനത്തിന്റെ അഖണ്ഡത നിലനിർത്താൻ നടന്ന സമരങ്ങൾക്കുണ്ടോ കയ്യും കണക്കും? ലോകത്തെ പരിഷ്ക്കരിയ്ക്കുവാൻ വിധിയാൽ നിയോഗിയ്ക്കപ്പെട്ട ഒരു ജനതയാണ് തങ്ങളെന്ന വിശ്വാസം സാഹസികരായ എത്രയെത്ര യുവാക്കളെ യുദ്ധഭൂമിയിൽ ഹൃദയരക്തം വാർക്കുവാൻ പ്രേരിപ്പിച്ചിരിയ്ക്കുന്നു! ജാതിമഹത്വത്തിന്റെ പേരിൽ, ഒരു പ്രത്യേക ജീവിതവീക്ഷണത്തിന്റെ പേരിൽ, പ്രപഞ്ചാധാരത്തെപ്പററിയുള്ള ഒരു സവിശേഷസങ്കല്പത്തിന്റെ പേരിൽ, സ്വയം മരിക്കാനും സഹോദരന്മാരെ സംഹരിയ്ക്കാനും മനുഷ്യൻ പ്രദർശിപ്പിച്ച വ്യഗ്രതയ്ക്ക് അവസാനമില്ല. ഓരോ കാലഘട്ടത്തിനുമുണ്ട് പൂവിട്ടു പൂജിയ്ക്കപ്പെടുന്ന ഒരു പ്രബലാദർശം. മററ് ആദർശങ്ങൾ കാലാന്തരത്തിൽ പ്രാബല്യം നേടുന്നതോടെ, ജരാജീർണ്ണമായിത്തീരുന്ന ഈ പഴയ ആദർശം ചരിത്രത്തിന്റെ കുപ്പക്കുണ്ടിലേയ്ക്ക് വലിച്ചെറിയപ്പെടുന്നു. അതു മരിയ്ക്കുന്നു, പുതലിയ്ക്കുന്നു, ചീയുന്നു, മണ്ണായി മാറുന്നു.

രാ, അനു, ബാൽ, മർദ്ദോക്, സ്യൂസ്, അഥീനി, ജൂപ്പിററർ, മിത്രൻ, ഹാററ്സിലോപോക്ത്ലി, വരുണൻ, ഇന്ദ്രൻ തുടങ്ങി, ചരിത്രത്തിന്റെ കുപ്പക്കുണ്ടിലേയ്ക്കു പല കാലത്തായി വലിച്ചെറിയപ്പെട്ട ദേവീദേവന്മാരെയും മുൻപറഞ്ഞ മനുഷ്യാദർശങ്ങളേയും ഏകീകരിച്ചു കൊണ്ട് ഒരു കവിത എഴുതാൻ കഴിയുമോ? അഞ്ചെ-കൊല്ലം മുമ്പ് ഒരു പ്രഭാതത്തിൽ ഉൾനാട്ടിലൂടെ നടക്കുന്നതിന്നിടയ്ക്ക് ഈ ചിന്ത എന്റെ മനസ്സിൽ മുളച്ചു പൊന്തി. മതപരമോ രാഷ്ട്രീയമോ സാമുദായികമോ സായൻസികമോ ആയ ഏതാദർശവും കാലദേശോപാധ്യവച്ഛിന്നമാണ്; ജനനമരണപ്രക്രിയയുടെ വിധേയമാണ്. അതിനാൽ ഒന്നിലും കടുംപിടി അരുത്. ഇതാണ് കവിതയിലൂടെ നൽകാൻ ഞാനാശിച്ച ''സന്ദേശം!'' പക്ഷേ, ഒരു സന്ദേശം മൂർത്തമാക്കി നൽകുവാൻ വേണ്ടി ഒരു കവിത എഴുതുക സാധ്യമല്ലല്ലോ. അതിനാൽ ഈ കവിത എഴുതപ്പെട്ടില്ല.

എഴുതിയ കവിത എഴുത്തുകാരനെ സ്വതന്ത്രനാക്കുന്നു. മനസ്സിൽ, പിന്നെ, ഭാരമൊന്നും അവശേഷിക്കുന്നില്ല. എഴുത്തുകാരന്റെ എല്ലാ പാപങ്ങളും അതോടെ പൊറുക്കപ്പെടുന്നു. പുതിയ പാപങ്ങൾ തേടി അയാൾക്ക് പിന്നെ മുന്നോട്ടു പോവാം. എന്നാൽ എഴുതപ്പെടാത്ത കവിത ഒരു പാപം പോലെ, ഒരു ബാധപോലെ, അത്യന്തം അസുഖകരമായ ഒരു ദാമ്പത്യം പോലെ, കവിയെ നിരന്തരം അലട്ടുന്നു. കാലം ഈ അലോസരത്തിന്റെ ശക്തി കുറച്ചേയ്ക്കാം. എന്നാലും അതു തീരെ ഇല്ലാതാവുന്നില്ല. ജീവിതത്തിന്റെ പുലരിയിൽ തങ്ങൾ എടുത്തു പെരുമാറിയ, എന്നാൽ വേണ്ട പോലെ പെരുമാറിയെന്നു തങ്ങൾക്കുറപ്പുവരാത്ത, വിഷയങ്ങളിലേക്ക്, ജീവിതസായാഹ്നത്തിൽ പല കവികളും തിരിച്ചു പോകുന്നതായി കാണപ്പെടുന്നത് ഇക്കാരണത്താലാവാം. നിരന്തരമായ പ്രായശ്ചിത്തം ആവശ്യപ്പെടുന്ന ഒന്നാണ് പഴയ പാപം.

## ഡോക്ടരുടെ മരണം

ഉപേക്ഷിതപ്രതിമകൾ എന്റെ ചിന്തയുടെ അടിച്ചുളിയിൽ ഏറെക്കുറെ മൂടപ്പെട്ടു കിടന്ന കാലത്താണ് കോഴിക്കോട്ടെ ഒരാസ്പത്രിയിൽ വെച്ച് യുവതിയായ ഒരു ഡോക്ടർ ആത്മഹത്യയാണെന്നു സംശയിക്കപ്പെടാവുന്ന പരിതസ്ഥിതികളിൽ മരണമടഞ്ഞതു്. ഈ ഡോക്ടറുടെ ''നഴ്സിങ്ങ്ഹോം'' ആക്കാൻവേണ്ടി നിർമ്മിയ്ക്കപ്പെട്ട മന്ദിരം പിന്നീട്, യാദൃച്ഛികമായി, ഞാൻ സന്ദർശിച്ചു. നമ്മുടെ നാട്ടിലെ യുവജനങ്ങൾ ഏററവും കാമ്യമായി ഇന്നു കരുതുന്ന ഒരു ജോലിയാണു ഡോക്ടരുടേതു്. മെഡിക്കൽകോളേജുകളിൽ പ്രവേശനമഭ്യർത്ഥിയ്ക്കുന്ന യുവതീയുവാക്കന്മാരുടെ നീണ്ടുനീണ്ടു പോകുന്ന ക്യൂ, ഞാൻ അടുത്തുനിന്നു കണ്ടിട്ടുണ്ട്. തങ്ങളുടെ തൊഴിലിലൂടെ പ്രശസ്തിയുടെയും സമ്പന്നതയുടെയും ശിഖരങ്ങളിലേയ്ക്ക് അതിവേഗം കയറിച്ചെന്ന ഡോക്ടർമാരെയും എനിയ്ക്കു പരിചയമുണ്ട്. അവരിൽ പലരുടെ ഉള്ളിലും നീറിയെരിയുന്ന അസംതൃപ്തിയും നൈരാശ്യവും മനസ്സിലാക്കാനും എനിയ്ക്കു സാധിച്ചിട്ടുണ്ട് തികച്ചും അകാരണമെന്നു പറയേണ്ട ഈ അസംതൃപ്തിയുടെ കാരണമറിയാൻ ഞാൻ ആഗ്രഹിച്ചു. ഈ അസംതൃപ്തി വിളിച്ചറിയിക്കുന്നതു്. സമകാലജീവിതമൂല്യങ്ങളുടെ പരാജയത്തെയല്ലേ?

അത്യന്തം മൂഢമായ ഒരു തരം ഭക്തിപ്രസ്ഥാനം അടുത്ത കാലത്തു നമ്മുടെയിടയിൽ പടർന്നുപിടിക്കുകയുണ്ടായി. ചില്ലറ ജാലവിദ്യകളിൽക്കവിഞ്ഞവയെന്നു പറയാനാവാത്ത അത്ഭുതസംഭവങ്ങളുടെ പേരിൽ സാധാരണ–സാധാരണക്കാരേക്കാൾ താഴ്ന്നവരെന്നു കരുതപ്പെടേണ്ട—ചില മനുഷ്യർ ഈശ്വരപദവിയിലേയ്ക്കു ഉയർത്തപ്പെട്ടു. ഇവരുടെ മുമ്പിൽ അനുഗ്രഹം പ്രാർത്ഥിച്ചു തിക്കിത്തിരക്കുന്ന പുരുഷാരത്തിന്നിടയിൽ ഏററവും വാചാലരായി കാണപ്പെട്ടതു് നമ്മുടെ ചില പ്രമുഖസാഹിത്യകാരന്മാരും വലിയ ഉദ്യോഗസ്ഥന്മാരും ഡോക്ടർമാരും വക്കീലന്മാരും ഒക്കെയായിരുന്നു. സമകാലജീവിതവീക്ഷണത്തിന്റെ വികലതയെയാണ് ഈ ഭക്തിജ്വരം വിളംബരം ചെയ്യുന്നതെന്നു് ഞാൻ കരുതി. ഇതിൽ ഏററവും ദയനീയമായി എനിയ്ക്കു തോന്നിയ സംഗതി, തല്ക്കാലത്തെ ആത്മവിസ്മൃതിയെയല്ലാതെ പാര്യന്തികമായ ശാന്തിയെ നൽകാൻ ഈ അന്ധാവേശത്തിന്നു കഴിവില്ലെന്നതാണ്. ചാരായത്തിന്റെ ലഹരി ഇറങ്ങുന്നതോടെ കുടിയൻ കൂടുതൽ നിബിഡമായ നൈരാശ്യത്തിന്റെ ഗർത്തത്തിലേയ്ക്കു നിപതിയ്ക്കുന്നു.

ഇന്ത്യയിൽ മാത്രമുള്ളതല്ല ഈ പ്രതിഭാസം. ആധുനിക ജീവിതമൂല്യങ്ങളിൽ അസന്തുഷ്ടരായ അത്യന്തവാദികളുടെ ഒരു വർഗ്ഗം ലോകത്തിലെല്ലാരാജ്യങ്ങളിലുമുണ്ട്. ഈ വർഗ്ഗത്തിന്റെ ബഹളം കൂട്ടുന്ന മുന്നണിവിഭാഗമാണ് ബീററ്നിക്കുകളും ഹിപ്പികളും. പക്ഷേ അവർ ഒററയ്ക്കല്ല. തീരെ വാചാലരല്ലാത്ത, എങ്കിലും നിശ്ശബ്ദരായി വളരെയേറെ സഹിയ്ക്കുന്ന, എത്രയെങ്കിലും ആളുകൾ ഈ വർഗ്ഗത്തിലുണ്ട്. തങ്ങളുടെ അസംതൃപ്തിയെ ഉദാത്തീകരിച്ച് ക്രിയാത്മകമാക്കാൻ കഴിഞ്ഞാൽ, ഇവരിൽപ്പലരും ഉൽകൃഷ്ടമായ കലാകാരന്മാരോ ദാർശനികരോ സാഹസികരായ രാഷ്ട്രനേതാക്കളോ ഒക്കെ ആയിത്തീർന്നേയ്ക്കും. അതിന്നു കഴിവില്ലാത്തവരാകട്ടെ, നമ്മു നമ്മുടെ നാട്ടിൽ കാണുന്നപോലെ, വിധ്വംസകങ്ങളും നിഷ്പ്രയോജനങ്ങളുമായ മൂഢസംരംഭങ്ങൾക്കു് കരുക്കളായി അധഃ

**അടുത്ത ലക്കത്തിൽ**

**മഹാകവി**

**ജി. ശങ്കരക്കുറുപ്പ്**

**ഒരു യാത്രയിലെ**

**ഓർമ്മക്കുറിപ്പുകൾ:**

# റഷ്യയിൽ

# ബലിദർശനം—4

# ത്രിമാനയുഗം

**അക്കിത്തം**

‘മകനേ, മനസ്സിലാ—
കുന്നു ഞാൻ ഭവദ്ദുഃഖം,’
മനുഷ്യാത്മാവിൻ ഗൗരീ-
ശങ്കരശിഖരത്തിൽ
ആദ്യമായുരുകിയ
മഞ്ഞുകളല്ലീ വന്നെ—
ന്നാത്മാവിൻ വരളുന്ന
രോമകൂപങ്ങൾക്കുള്ളിൽ
അവസാനമില്ലാത്ത
നിർവൃതി വർഷിപ്പൂ? ഞാ—
നടഞ്ഞ കൺപോളകൾ
വിടർത്താൻ ശ്രമിയ്ക്കട്ടെ:
മുന്നിലിപ്പൊഴുമുണ്ടെൻ
ഗൃഹനായിക തീർത്ത
വർണ്ണസങ്കല്പത്തിലെ-
സ്സുവർണ്ണാസനത്തിന്മേൽ
പാട്ടുകാരികളാമെൻ
നാട്ടുകാരികളുടെ
പാട്ടുകേട്ടാട്ടം കണ്ടും
വർത്തിപ്പൂ ചിരഞ്ജീവി.
എന്നിലാണെന്നാൽ തന്റെ
യമവെട്ടിടാ സ്നേഹ—
ക്കണ്ണിലെ ദ്യുതി വന്നു
മുട്ടുന്നു സുനിബിഡം.
അരുളിച്ചെയ്യുന്നു മു—
ണ്ടനുഗ്രഹമെന്തോ; ചെവി
തുറന്നാത്തിരുമൊഴി
കേട്ടു ഞാൻ കിടക്കട്ടെ:
‘‘മകനേ മനസ്സിലാ—
കുന്നു ഞാൻ ഭവദ്ദുഃഖം:
മലനാട്ടിലിന്നോണം
പത്രപംക്തിയിൽ മാത്രം.



പുള്ളുവക്കുടം, വീണ,
കൈകൊട്ടിക്കളിപ്പാട്ട്,
വില്ലടി—എല്ലാം കേൾപ്പൂ
റേഡിയോകളിൽ മാത്രം.
ക്യാമറ, ടേപ്പ്റെക്കോർഡർ
റോട്ടറി—എന്തൊക്കെയു—
ണ്ടീമട്ട വിശ്വാമിത്ര—
ഭാവനാവിലാസങ്ങൾ!
ഉഗ്രമീത്തപശ്ശക്തി
നിങ്ങളെയുടലോടെ
സ്വർഗ്ഗത്തിലെത്തിച്ചേയ്ക്കാം
ത്രിശങ്കുക്കളേ, നാളെ.
പൊന്നുവെയ്ക്കേണ്ടേടത്തു
വെച്ചില്ല പൂവെങ്കിലു—
മെന്നനൊമ്പരം പക്ഷേ,
കുതറുന്നുണ്ടാമന്നും.
ശമ്പളമഡ്വാൻസായി—
ക്കൊടുക്കാൻ സർക്കാരിന്നു
സമ്മതം പോരെന്നാ, പ്പീ—
സ്സുടയ്ക്കില്ലെന്നും വന്നാൽ
വിശേഷാൽ പ്രതികളും
റേഡിയോകളും നൽകും
വിനോദം കഴിച്ചാൽപ്പി—
ന്നിപ്പൊഴെന്തോണം കുഞ്ഞേ?
കഴിയ്ക്കുന്നതാറവുണ്ട—
സരിയല്ലയോ? നേന്ത്ര—
പ്പഴത്തിൻ സ്വാദോ, റഷ്യ—
യ്ക്കുച്ചാരം കൊടുത്തില്ലേ?

* * *

മകനേ, മനസ്സിലാ—
കുന്നു ഞാൻ, ഇന്നിപ്പാരിൽ
മലർവാടിയും മരു—
ഭൂമിയും തുല്യം തന്നെ.
കരയും കടലുമായ്—
പ്പിരിയുന്നതു പോലു—
മറിയേണ്ടതില്ലല്ലോ
പറക്കും വിമാനങ്ങൾ.
അറിവൂ വാഷിങ്ടണും
മോസ്കോവുമടുത്ത ര—
ണ്ടറയിൽപ്പാർക്കുന്ന വ—
രെന്നപോലിന്നന്യോന്യം.
മാനവരൊന്നാണിന്നു
രാഷ്ട്രങ്ങളൊന്നാണി, ന്നു—
മോണമാഘോഷിയ്ക്കയോ
പ്രാകൃതന്മാരെപ്പോലെ?
നേരമില്ലിരുന്നു ചി—
ന്തിയ്ക്കുവാൻ, ദുഃഖിയ്ക്കുവാൻ,
നേരമില്ലാർക്കും സങ്ക—
ല്പിയ്ക്കുവാൻ, പ്രാർത്ഥിയ്ക്കുവാൻ
നേരമില്ലാത്തോർക്കും ത—
ന്നൈക്യനർമ്മദയുടെ
തീരത്തു കുളിർ കാറ്റേ—
റ്റിരിപ്പാനിപ്പോഴാകും.
കാര്യമാണെല്ലാവർക്കും
കാര്യം; എന്താണീക്കാര്യം?
ഭാര്യയും ഞാനും; സ്വന്തം
മക്കളും ചിലർക്കൊക്കെ.
കാഞ്ചന മൃഗത്തെയേ
തേടുന്നതാ, പഞ്ചമ—
ക്കാട്ടിൽവെച്ചേതോ മൃത്യു
നിങ്ങളെ ഹരിയ്ക്കുന്നു!
വേണമെന്നില്ലാ തട്ടാൻ—
കുടിയിക്കാലത്താർക്കും;



---

പതിക്കുകയും ചെയ്യും. ഈ രണ്ടു കൂട്ടർക്കും ഇടയിൽ നില്ക്കുന്നവരുടെ സ്ഥിതിയാണ് യഥാർത്ഥത്തിൽ ദാരുണം. ആത്മഹത്യയില്ലെങ്കിൽ, പൂർണ്ണമായ വ്യക്തിത്വഹത്യയിൽ അവർക്ക് അഭയം കാണേണ്ടതായിവരുന്നു.

ആസ്പത്രിയിൽ വെച്ചു മരിച്ച യുവതിയായ ഈ ഡോക്ടറെപ്പററി ഒരു കവിത എഴുതാനാരംഭിച്ചപ്പോൾ ഈ ചിന്തകളെല്ലാം എന്റെ മനസ്സിലുണ്ടായിരുന്നിരിക്കണം. എങ്കിലും വിശേഷിച്ച് ഒരു ''ഡിസൈനു''മില്ലാതെയാണ് കവിത എഴുതിത്തുടങ്ങിയത്. കോഴിക്കോട്ടു നഗരത്തിൽ രണ്ടു ദശാബ്ദത്തോളം താമസിച്ചതിന്നിടയ്ക്ക് എന്റെ ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്ന പലതും ഈ കവിതയിൽ, സ്വാഭാവികമായി, കയറി വന്നു. അങ്ങിനെ അതു നീണ്ടു നീണ്ടു പോയി.

ചിന്തയുടെ അടിച്ചളിയിൽ മൂടിക്കിടന്നിരുന്ന ശിലാബിംബങ്ങളോ? അവയ്ക്കും ജീവനുണ്ടായി; അവ എഴുന്നേററുവന്നു: തങ്ങൾക്കു ന്യായമായി അവകാശപ്പെട്ട പുനഃപ്രതിഷ്ഠയ്ക്കുവേണ്ടി അവ കലമ്പൽകൂട്ടി. അങ്ങിനെ കവിതയ്ക്ക് ആദ്യമേ ''കപടദൈവങ്ങൾ'' എന്ന പേർ ഞാൻ നൽകി. എങ്കിലും, എഴുതിയെഴുതി വന്നപ്പോൾ കവിതയിൽ ഈ ശിലാബിംബങ്ങൾക്കു പീഠങ്ങൾ നൽകാൻ എന്റെ ഔചിത്യബോധം സമ്മതിച്ചില്ല. അങ്ങിനെ ''കപടദൈവങ്ങൾ'' (കപടം ''കള്ള''മായതു പിന്നീടാണ്) ശിലാബിംബങ്ങളില്ലാതെ തന്നെ ഞാൻ മുഴുമിച്ചു. അടിവരയിട്ടു: ''സമാപ്തം'' എന്നെഴുതി; എഴുതിത്തീർത്ത തീയതിയും കുറിച്ചിട്ടു. ഇനി പൊളിച്ചെഴുത്തില്ല.

പക്ഷേ, പൊളിച്ചെഴുതേണ്ടിവന്നു. അടുത്ത രണ്ടു മൂന്നു രാത്രികളിൽ എനിയ്ക്ക് ഉറങ്ങാൻ സാധിച്ചില്ല. എന്റെ ദൈവങ്ങൾ ഉറങ്ങാൻ എന്നെ അനുവദിച്ചില്ല. അവരെ കുടിയിരുത്തുകതന്നെ വേണം; അതും ഈ കവിതയിൽത്തന്നെ വേണം. ഔചിത്യം അല്പം കുറയുന്നുവെങ്കിൽ കുറയട്ടെ. ഇതു കവിതയാണ്. കവിതയ്ക്ക് അതിന്റേതായ ഒരു ശില്പയുക്തിയേ വേണ്ടൂ. അതിനാൽ വിജനമായ ശ്മശാനത്തിൽ ഒരു ജീർണ്ണദേവാലയം നിർമ്മിയ്ക്കുന്നതിനെനിയ്ക്കും സ്വാതന്ത്ര്യമുണ്ട്.

ദൈവങ്ങൾ അവരുടെ ഇച്ഛാശക്തി എന്റെ മേൽ നിർബ്ബന്ധിച്ചു ചെലുത്തുകയായിരുന്നു. എനിയ്ക്ക് ഇതിൽ കഠിനമായ നീരസം തോന്നി. ഞാൻ ദൈവങ്ങളോട് പ്രതികാരം ചെയ്തു. അവരുടെ ശരിയായ സ്വരൂപം ഞാനേറെക്കാലം നിഗൂഹനം ചെയ്തു. എത്രയായാലും പഴയ ബിംബങ്ങളാ

വേണ്ടതു പ്ലാസ്റ്റിക്കിന്റെ
വളയും പോം മാലയും!
ഒന്നോർത്താൽ ഫാഷൻ മാറി-
പ്പോയതൊരനുഗ്രഹം-
തന്നെയല്ലയോ? വീട്ടി-
ലാനയില്ലാത്തോർക്കിപ്പോൾ
പതിനാലു കാരററിൻ
കാക്കപ്പൊൻവിലപോലും
പാളയത്തിൽച്ചെന്നന്വേ-
ഷിക്കുവാനറയ്ക്കില്ല!
വാനിലത്തോപ്പുള്ളവർ-
ക്കുടിയാറോട്ടിൽക്കൂടി
വാനിലോടുമ്പോൾ വെട്ടി-
ത്തിരിപ്പു മുഖപത്മം.

*　　*　　*

മകനേ, മനസ്സിലാ-
ക്കുന്നു ഞാ,നൊന്നിച്ചിട്ടി-
മറിഞ്ഞിട്ടുണ്ടീ നാടിൻ
രുചി;യിന്നാർക്കും വേണ്ട
ചന്ദനം വാൽക്കണ്ണാടി!
സിന്ദൂരം മട്ടിപ്പശ
ചാന്തു കണ്മഷി പനീർ
തൊട്ടുള്ള സൗഭാഗ്യങ്ങൾ.
വേണ്ടതു കുട്ടികൂറ-
പ്പൗഡറും കുട്ടെക്സുമാ-
പ്പോണ്ടിന്റെ ക്രീമും ഹെയ-
റോയലും സെൻറും മററും!
ചൂടേണ്ടാ കറുക മാ-
ലകളും തുളസിയും,
ചൂടുന്നു നെററും റിങ്ങും
ഹെയർപ്പിൻ പ്ലാസ്റ്റിക്പൂവും!
ശുഭ്രവെണ്മയിൽ പ്രിയ-
മില്ല,രാക്ഷസത്രക്ഷ-
വിശ്രാന്തി നൽകും വർണ്ണ-
സങ്കരത്തിലാണിമ്പം,
ഇന്നാർക്കു വേണ്ടു ചേന്ന-
മംഗലം തുണി, യില്ലി-

കുന്നനും? പാവും പുള്ളി-
ക്കരയും പഴഞ്ചത്തം!
കാററുള്ളിൽക്കടക്കാത്ത
ടെറലീനുണ്ടോ, ടെറി-
ക്കോട്ടനും? മതി;യില്ലെ-
ങ്കിലെങ്കിൽ നൈലോണായാട്ടെ.

മകനേ, മനസ്സിലാ-
ക്കുന്നു ഞാൻ, മരുമരീ
ചികപോലകന്നു പോ-
മിന്ദ്രിയസുഖങ്ങളെ
തേടിയോടുകയാണി-
പ്പുരുഷാന്തരം, ഉല-
മാതിരി കിതയ്ക്കുന്ന,
രക്തസമ്മർദ്ദത്തോടെ.

വിശ്വപൗരന്മാർ പോലും!
ഭീരുക്കൾ തമ്മിൽത്തമ്മിൽ
വിശ്വസിപ്പീലാ; മററു-
ള്ളവർ തൻ കശേരുനാ-
മാസ്ഥികൾ തുളച്ചോട-
ക്കുഴൽ വായിച്ചാലവ-
നുത്തമൻ; അവന്റെ
പാദാരവിന്ദത്തെസ്സവ്വ-
മർത്ത്യരും ലാംഗൂലങ്ങൾ
ചുരുക്കിപ്പൂജിക്കുന്നു!

കഴിയുന്നില്ലീ ഹ്രസ്വ-
ദൃഷ്ടികൾക്കവ വെക്കും
കണ്ണട പത്താം ക്ലാസി-
ലെത്തും മുമ്പെങ്കിൽക്കൂടി
പഠിച്ച ഭൂലോകവി-
ജ്ഞാനവൈപുല്യം ഹൃത്തി-
ലൊതുക്കിച്ചേർക്കൊഴി-
ച്ചെടുത്തു സംരക്ഷിക്കാൻ.

അവർതൻ കാറുണ്ടാവും
സായാഹ്നങ്ങളിൽ ബീച്ചിൽ,
അവരുണ്ടാവും ടാൻസി-
സ്റ്ററുമായ് ലയൺസ് പാർക്കിൽ.

കഴിക്കുന്നതെസ്മിൽക്കും
ഫ്രൂട്ട്സലാഡുമാണ,ത്തി-
കറുത്തോൽപ്പെക്കൊന്നൊന്നാ-
യൊഴിപ്പൂ ബാറിൽക്കേറി.
തരമുണ്ടെങ്കിൽ ബാറും
ഡാൻസിലും പഥ്യം; പക്ഷേ,
പറയാതെവയ്യ,ാർഷ-
സംസ്കാരപ്രിയരത്രെ.

*　　*　　*

മകനേ, മനസ്സിലാ-
ക്കുന്നു ഞാനിക്കൂട്ടർക്കു
മതിപ്പാണെല്ലാ മാന്യ-
ന്മാരെയുമൊരേ തോതിൽ.
മാർക്സിനുള്ളതു ചുമ്മാ
മാർക്സിനും കൊടുക്കുന്നു,
മഹാത്മാഗാന്ധിക്കുള്ള-
തദ്ദേഹത്തിനും, പോരേ?
കാണണം ചലച്ചിത്ര-
മതിലെപ്പാട്ടെപ്പോഴും
കാതിൽ വന്നലച്ചാലേ
നടക്കു ചെയിൻ സ്മോക്കിങ്.
ക്രിക്കററു ഫുട്ബാൾ ടൂർണ്ണ-
മെൻറുകൾക്കെല്ലാം ഹയർ-
ട്ടിക്കററു റിസർവ്വ് ചെ-
യ്യേത്തണം; മടുപ്പില്ല
സക്സസ്സും; സംഭാഷണ-
വിഷയം മോട്ടോർക്കാറിൻ
മാർക്കററു ഫാഷൻ മോഡൽ
നമ്പറും റേററും മാത്രം!
ഇററലിയിൽപ്പണ്ടുള്ളൊ-
രടിമപ്പോരും സ്ലെയ്നി-
ലിപ്പൊഴും നടക്കുന്ന
പേർ കേട്ട കാളപ്പോരും
കാണുവാൻ കഴിയാത്ത
ഖേദത്താലിവർ ചെന്നു
കാണുന്നു ഗ്രാമത്തിലെ-
ക്കാളപൂട്ടാഘോഷങ്ങൾ!''

---

ണ്. ഉടഞ്ഞും ഉരഞ്ഞും അവയുടെ മുക്കും മുലയും മററും മാഞ്ഞുപോയിരിക്കുന്നു. കൂഷ്ഠിച്ചൊരാകൃതിയെ അവക്കുള്ളൂ. അതങ്ങിനെതന്നെ വേണം താനും.

മാത്രമല്ല, ഈ കള്ളദൈവങ്ങളുടെ മധ്യത്തിൽ, ശൂന്യമായ പ്രധാനപീഠത്തിൽ, അദൃശ്യനായ ഒരു യഥാർത്ഥദേവനെ ഞാൻ പ്രതിഷ്ഠിക്കുകയും ചെയ്തു! അങ്ങിനെ ഞാൻ സ്വയം പരാജയപ്പെടുത്തി! അതിൽ ആഹ്ലാദിക്കുകയും ചെയ്തു! വിചിത്രമായ ഈ വസ്തുത ആദ്യം ഞാൻ തന്നെ മനസ്സിലാക്കിയില്ല. കയ്യെഴുത്തുപ്രതിയിൽ ഈ കവിത വായിച്ച ശ്രീ സി. എച്ച്. കുഞ്ഞപ്പ പറഞ്ഞപ്പോഴാണ് എനിക്കതു കാണാൻ കഴിഞ്ഞത്. അപ്പോഴേക്കും കവിത ജനിച്ചു കഴിഞ്ഞിരുന്നു, അതിൽ മാററം വരുത്തുക അസാധ്യമായിക്കഴിഞ്ഞിരുന്നു.

## ഭാഷാപ്രശ്നം

ഒരു സംഗതി കൂടി: ഈ കവിതയിലെ ആദ്യത്തെ രണ്ടു വരികൾ രൂപപ്പെടുത്താൻ ഞാൻ സഹിച്ച ക്ലേശത്തിന്ന് അറുതിയില്ല. അവസാനമില്ലാത്ത സംയോജനകൾ മനസ്സിൽ വെച്ചു നടന്നു: പല കടലാസ്സുതാളുകളിൽ ഇത് മാററിയും മറിച്ചും എഴുതിനോക്കി. ''മധുരം കറയും'' എന്ന തുടക്കം വിടാൻ എനിക്കു മനസ്സില്ലായിരുന്നു. ''പത്നി''യെന്നല്ല, ''കുടുംബിനി'' എന്നാണ് ആദ്യമെഴുതിയത്. കവിതയിലാകെ ആ പദവും, അതിന്റേതായ സങ്കല്പവും നിലനിർത്തണമെന്നുണ്ടായിരുന്നു. ''കുട്ടികളുടെ അമ്മ''യോടും ''ബാല്യകാലസഖി''യോടുമുള്ള വിരുദ്ധാകർഷണങ്ങളുടെ പിരിമുറുക്കമാണ് കവിതയെ ഏകവും അഖണ്ഡവുമാക്കി നിലനിർത്തുന്ന ഊർജ്ജമെന്ന് എനിക്ക് ആദ്യം മുതല്ക്കേ തോന്നി. എങ്കിലും, രാവിലെ കിട്ടുന്ന ആ കട്ടൻകാപ്പിയിൽ നർമ്മത്തിന്റെ മധുരം മാത്രം പോര, സ്നേഹത്തിന്റെ ഒരിററു പാലും വേണമെന്ന് ഞാൻ മോഹിച്ചു. കാരണം, ആ കാപ്പി എനിക്കു തന്നെ കുടിക്കാനുള്ളതാണല്ലോ! അങ്ങിനെ ''കുടുംബിനി''യുടെ സ്ഥാനത്ത് ''പത്നി''യെക്കൊണ്ട് ഞാൻ തൃപ്തിപ്പെടേണ്ടി വന്നു. തുടക്കത്തിലേ ചെയ്ത ഈ വിട്ടുവീഴ്ച, തുടർന്നുള്ള കവിതയുടെ പിരിമുറുക്കത്തെ പ്രതികൂലമായി ബാധിച്ചതായി ഞാൻ മനസ്സിലാക്കുന്നുണ്ട്.

കവിതയെസ്സംബന്ധിച്ചേടത്തോളം എനിക്കു ഭാഷ ഒരു പ്രശ്നമേ അല്ലെന്നും, കവിതയെ വെറും ആശയനിവേദനമാക്കി മാററുകവഴി ഞാൻ കവിതയെ കവിത അല്ലാതാക്കിയെന്നും വിമർശനമുണ്ടാക്കിയിട്ടുണ്ട്. ഭാഷ ഒരു പ്രശ്നമേ അല്ലെന്ന തോന്നൽ ഉളവാക്കാൻ ഒരു കവിക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതു് അയാളുടെ വിജയമാണ്. അതിന്നായി, വായനക്കാരനും കവിക്കും ഇടക്കുള്ള നേരിയ കടലാസ്സുതാൾ മറയുടെ പിന്നിൽ ഇരുന്നും കിടന്നും നടന്നും കവി എത്രമാത്രം വിയർത്തിരിക്കണം എന്ന്, പക്ഷേ, ആർ ചിന്തിക്കുന്നു?

---